കാണുമേയെൻ പ്രാണനാഥനെ
മദ്ധ്യാകാശം തന്നിൽ ഞാൻ
കാണുമേയെൻ പ്രാണനാഥനെ
കാണുമേ പതിനായിരങ്ങളിൽ
മഹിമയേറുന്ന മണവാളനെ ഞാൻ
ഗംഭീരനാദം കാഹളധ്വനി
വാനിൽ മുഴക്കി വരുന്നതാൽ വേഗം
കാണുമേ......1
ഗത്സമനയിൽ വ്യഥയിലായവൻ
ഇപ്പാപിയാകുമെൻ, പാപമഖിലം ശിരസ്സിൽ വഹിച്ചതാൽ
കഴിയുമെങ്കിലാ പാനപാത്രം
ഒഴിവതിനു താൻ ജപിച്ചെന്നാകിലും
ഒഴികഴിവേതും ലഭിച്ചിടാതതു മുഴുവൻ കുടിച്ചു
രക്തം വിയർത്തവൻ
കാണുമേ.....1
പെരിയൊരു കുരിശേന്തിക്കൊണ്ടവൻ
കാൽവറിമുകൾ, കരഞ്ഞുകൊണ്ടു
കയറിടുന്നിതാ
കാൽകരങ്ങൾ ക്രൂശതിൽ തറ-
ച്ചുയർത്തിടുന്നു ക്രൂരർ കൂട്ടം
കൈപ്പുകാടി രുചിച്ചിട്ടലറി
മരിച്ചുയിരെനിക്കേകിടാൻ പ്രിയൻ
കാണുമേ.....1
കരുണലഭിക്കാൻ നമുക്കായിട്ടവൻ
കരുണാസനമതിൽ
കരങ്ങളുയർത്തി പ്രാർത്ഥിച്ചീടുന്നു
കാത്തിരിപ്പവർക്കന്ത്യ രക്ഷ
മാറ്റമെന്യേ ദാനം ചെയ്തിടാൻ
കാലമേറെ ചെല്ലും മുമ്പെ
കരുണാനിധി താൻ വെളിപ്പെട്ടീടുമേ
കാണുമേ ......2

Kaanumeyen Praananaathane
Maddhyaaakaasham Thannil Njaan
Kaanumeyen Praananaathane 2
Kaanume Pathinaayirangalil
Mahimayerunna Manavaalane Njaan
Gambheeranaadam Kaahaladhvani
Vaanil Muzhakki Varunnathaal Vegam 2
Kaanume......1
Gathsamanayil Vyathayilaayavan
Ippaapiyaakumen, Paapamakhilam Shirasil Vahicchathaal 2
Kazhiyumenkilaa Paanapaathram
Ozhivathinu Thaan Japicchennaakilum
Ozhikazhivethum Labhicchidaathathu Muzhuvan Kudicchu
Raktham ViyarTthavan 2
Kaanume.....1
Periyoru Kurishenthikkondavan
KaalVarimukal, Karanjukondu
Kayaridunnithaa 2
KaalKarangal Krooshathil Thara-
CchuyarTthidunnu Krooran Koottam
Kyppukaadi Ruchicchittalari
Maricchuyirenikkekidaan Priyan 2

Kaanume.....1
Karunalabhikkaan Namukkaayittavan
Karunaasanamathil
KarangaluyarTthi PraanThthiccheedunnu 2
KaatthirippavarKkanthya Raksha
Maattamenye Daanam Cheythidaan
Kaalamere Chellum Mumpe
Karunaanidhi Thaan Velippetteedume 2
Kaanume ......2